# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1858

06.07.2015-ൽ മറുപടിയ്ക്ക്

## ട്രാഫിക്ക് നിയമ ലംഘനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ട്രാഫിക് നിയമ ലംഘനങ്ങൾ മൂലം വാഹന അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (എ) ഉണ്ട്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര ട്രാഫിക് നിയമലംഘനങ്ങൾ നടന്നിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണത്തിലായി എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന പോലീസ്, ട്രാഫിക് നിയമ ലംഘനങ്ങൾ സംബന്ധിച്ച് 8,38,221 കേസ്സുകളും, 1,58,81,103 പെറ്റി കേസ്സുകളും എടുത്തിട്ടുണ്ട്. ഇവയിൽ 1,58,81,103 പെറ്റി കേസ്സുകളിൽ നിന്നുമായി 2,27,73,32,661 രൂപ പിഴയായി ഈടാക്കിയിട്ടുമുണ്ട്. |
| (സി) ട്രാഫിക് നിയമലംഘനം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരാൻ വാട്സ് ആപ്പ് സംവിധാനം ഉപയോഗിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ നമ്പർ അറിയിക്കുമോ ; | (സി) ഉണ്ട്. നമ്പരുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | നമ്പർ |
|---|---|
| തിരുവനന്തപുരം സിറ്റി | 9497930008 |
| കോട്ടയം | 9497932001 |
| ഇടുക്കി | 9747001099 |
| തൃശ്ശൂർ സിറ്റി | 7025930100 |
| പാലക്കാട് | 7025940100 |
| മലപ്പുറം | 9497976040 |

| | | | |
|---|---|---|---|
| (ഡി) | വാട്സ് ആപ്പ് വഴി ലഭിച്ച പരാതികൾക്ക് പിഴ ഈടാക്കിയതിന്റെ വിവരങ്ങൾ നൽകുമോ ? | (ഡി) | വാട്സ് ആപ്പ് വഴി ലഭിച്ച 136 പരാതികളിലായി ആകെ 6000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ